**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 747** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങൾ ഫയൽ ചെയ്യുന്ന ആർബിട്രേഷൻ കേസുകൾ ഹിയറിംഗ് നടത്തുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സഹകരണ നിയമം വകുപ്പ് 69 പ്രകാരമുള്ള തർക്കങ്ങൾ സഹകരണ സംഘം രജിസ്ട്രാർ മുമ്പാകെയോ, രജിസ്ട്രാറുടെ അധികാരങ്ങൾ കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തപ്പെട്ട അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവർ മുമ്പാകെയോ ഫയൽ ചെയ്യാവുന്നതാണ്. അഡീഷണൽ രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സ്പെഷ്യൽ ഗ്രേഡ്/ സീനിയർ/ ജൂനിയർ ഇൻസ്പെക്ടർ തസ്തികയിലുള്ളവർക്ക് ആർബിട്രേറ്റർ തസ്തികയിൽ സേവനം അനുഷ്ഠിക്കാനാവുന്നതാണ്. ആർബിട്രേറ്റർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന സഹകരണ വകുപ്പ് ജീവനക്കാരുടെ യോഗ്യതകൾ സഹകരണ വകുപ്പ് ജീവനക്കാരുടെ നിയമനത്തിനായുള്ള സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥർക്ക് എന്തെല്ലാം അധികാരങ്ങളാണ് നിയമപരമായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ആർബിട്രേഷൻ കേസുകൾ ഹിയറിംഗ് നടത്തുന്ന സഹകരണ വകുപ്പ് ഉദ്യോഗ സ്ഥരുടെ/ ആർബിട്രേറ്ററുടെ അധികാരങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. പണ സംബന്ധമായ തർക്കങ്ങൾ പരിഗണിക്കുന്നതിനുള്ള അധികാരം.<br><br>2. തർക്ക വിഷയവുമായി ബന്ധപ്പെട്ട രേഖകൾ, ബുക്കുകൾ എന്നിവ ഹാജരാക്കണമെന്ന് ആവശ്യപ്പെടാനും ബന്ധപ്പെട്ട എല്ലാ കക്ഷികളെയും സാക്ഷികളെയും ഹാജരാക്കി അവരുടെ സത്യവാങ്മൂലം വാങ്ങുവാനും അധികാരമുണ്ടായിരിക്കും.<br><br>3. രജിസ്ട്രാർക്കൊ കേസ് തീരുമാനിക്കുന്നയാൾക്കൊ ആർബിട്രേറ്റർക്കൊ അവരുടെ സ്വന്തം അഭിപ്രായ പ്രകാരമൊ തർക്കത്തിലെ ഏതെങ്കിലും കക്ഷിയുടെ |

| | | | |
|---|---|---|---|
| | | | അപേക്ഷയാലൊ തർക്കത്തിലെ രണ്ടു കക്ഷികൾക്കും നോട്ടീസ് നൽകിക്കൊണ്ട് തർക്ക വിഷയമായ കാര്യങ്ങൾ പരിശോധിക്കാനും അല്ലെങ്കിൽ സാക്ഷി എന്ന നിലയിൽ, ഏതെങ്കിലും വ്യക്തിയെ വിളിച്ചുവരുത്തി മൊഴി വാങ്ങുന്നതിനുമുള്ള അധികാരം .<br><br>4. കക്ഷികളും സാക്ഷികളും നൽകിയ തെളിവുകളുടെ സംക്ഷിപ്തം ഇംഗ്ലീഷിലൊ മാതൃഭാഷയിലൊ രേഖപ്പെടുത്തേണ്ടതും അപ്രകാരം രേഖപ്പെടുത്തി യ തെളിവുകളെയും കക്ഷികൾ ഹാജരാക്കിയ രേഖാതെളിവുകളെയും കുറിച്ച് പരിചിന്തനം നടത്തിയതിന് ശേഷം നീതി, ന്യായം, ഉത്തമ വിശ്വാസം എന്നിവയാൽ വിധേയമായ തീർപ്പോ വിധിയോ നൽകുന്നതിനുള്ള അധികാരം.<br><br>5. കേസിൽ ഹാജരാകുന്നതിന് സമൻസ് അയച്ചിട്ടുള്ള ഏതെങ്കിലും കക്ഷിയുടെ അഭാവത്തിൽ കേസ് ഏകപക്ഷീയമായി തീർപ്പാക്കുന്നതിനുള്ള അധികാരം.<br><br>കേസിലെ ഏതെങ്കിലും ഇതര കക്ഷിക്ക് കേസ് ചെലവും കേസ് കൊടുത്ത തീയതി മുതൽ തുക ഈടാക്കുന്നതുവരെയുള്ള കരാർ നിരക്കിൽ കവിയാത്ത വിധി തുകയുടെ പലിശയും കൊടുക്കുന്നതിനു നിർദ്ദേശിക്കുവാ നുമുള്ള അധികാരം . |

സെക്ഷൻ ഓഫീസർ